1. എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്)
2. എച്ച്.എസ്.എ. (കണക്ക്)
3. എച്ച്.എസ്.എ. (സോഷ്യൽ സയൻസ്)
4. എച്ച്.എസ്.എ. (നാചറൽ സയൻസ്)
5. എച്ച്.എസ്.എ. (ഹിന്ദി)
6. എച്ച്.എസ്.എ. (മലയാളം)
7. എച്ച്.എസ്.എ. (സംസ്കൃതം)
8. എച്ച്.എസ്.എ. (അറബി)
9. പി.ഡി. ടീച്ചർ
10. ജൂനിയർ ഹിന്ദി (ഫുൾ ടൈം)
11. ജൂനിയർ ഹിന്ദി (പാർട്ട് ടൈം)
12. ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (എച്ച്.എസ്.)
13. എൽ.ഡി. ക്ലാർക്ക്
14. പ്യൂൺ

കോട്ടയം ജില്ല

1. പ്രൈമറി ടീച്ചർ
2. എച്ച്. എസ്.എ. (മലയാളം)
3. എച്ച്. എസ്.എ. (ഹിന്ദി)
4. എൽ.ഡി. ക്ലാർക്ക്.

(ഡി & ഇ) ഒഴിവുകൾ നികത്തുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എൽ.പി./യു.പി. സ്കൂളുകളിലെ അദ്ധ്യാപക നിയമനം

124 (2064) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ എൽ.പി./യു.പി. അദ്ധ്യാപകരുടെ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) കൊല്ലം ജില്ലയിൽ എത്ര എൽ.പി./യു.പി. അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കൊല്ലം ജില്ലയിലെ സ്കൂളുകളിൽ എൽ.പി./യു.പി. വിഭാഗത്തിൽ ആവശ്യമായ അദ്ധ്യാപകരില്ലാത്തതിനാൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ഡി) കൊല്ലം ജില്ലയിലെ എൽ.പി./യു.പി. വിഭാഗത്തിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി. എന്ത് നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എൽ.പി./യു.പി. അദ്ധ്യാപകരുടെ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) ഇപ്പോൾ കൊല്ലം ജില്ലയിൽ 342 എൽ.പി/യു.പി. അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട്.

(സി) കൊല്ലം ജില്ലയിൽ അഡ്വൈസ് ചെയ്ത 94 എൽ.പി./യു.പി. അദ്ധ്യാപകരെ നിയമിച്ചു കഴിഞ്ഞു. ബാക്കി ഒഴിവുകൾ നികത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

(ഡി) റിപ്പോർട്ട് ചെയ്ത 94 എൽ.പി./യു.പി. അദ്ധ്യാപകരുടെ ഒഴിവുകളിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്യുകയും അവരെ സ്കൂളുകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പി.എസ്.സി. അഡ്വൈസ് ചെയ്യുന്നതാണ്.

കൊല്ലം ജില്ലയിലെ എൽ.പി./യു.പി. അദ്ധ്യാപകരുടെ നിയമനം

125 (2065) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ എൽ.പി./യു.പി. സ്കൂളുകളിൽ 2003 മാർച്ച് വരെ അദ്ധ്യാപകരുടെ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(ബി) എൽ.പി./യു.പി. അദ്ധ്യാപകരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകി ;

(ഡി) ജില്ലയിലെ വിവിധ സ്കൂളുകളിലായി എത്ര താൽക്കാലിക അദ്ധ്യാപകരെ ഇപ്പോൾ നിയമിച്ചിട്ടുണ്ട് ;

(ഇ) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ താൽക്കാലിക അദ്ധ്യാപകരെ നിയമിച്ചതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഒഴിവുള്ള തസ്തികയിൽ പി.എസ്.സി. ലിസ്റ്റിലുള്ള അദ്ധ്യാപകരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly